# കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്

## വിജ്ഞാപനം

നമ്പർ **23/KDRB/2016** തീയതി 23.03.2016

| വിജ്ഞാപന തീയതി : 23.03.16 | അവസാന തീയതി : 21.04.2016 |
|---|---|

**തിരുവിതാംകൂർ ദേവസ്വം ബോർഡി**ന്റെ വിവിധ ക്ഷേത്രങ്ങളിൽ ചുവടെ വിവരിക്കുന്ന തസ്തികകളിലെ ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വാസമുള്ള ഹിന്ദു ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു.

| **1** | **കാറ്റഗറി നമ്പറും / വർഷവും** | **01/2016** |
|---|---|---|
| 2 | തസ്തികയുടെ / ദേവസ്വം ബോർഡിന്റെ പേര് | പാർട്ട് ടൈം ശാന്തി - തിരുവിതാംകൂർ ദേവസ്വം ബോർഡ് |
| 3 | ശമ്പള സ്കെയിൽ | രൂപ 4850 - 7500 |
| 4 | യോഗ്യതകൾ / പരിചയം | (എ) ഒമ്പതാം ക്ളാസ്സു വരെയുള്ള സ്കൂൾ പഠനം പൂർത്തിയായിരിക്കണം.<br><br>(ബി) ശാന്തി ജോലിയിൽ പരിചയവും, സംസ്കൃത പരിജ്ഞാനവും ഉണ്ടായിരിക്കണം.<br><br>**കുറിപ്പ്** 1 - ശാന്തി ജോലിയിലുള്ള പരിചയം തെളിയിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗീകരിച്ച തന്ത്രിയിൽ നിന്നോ, സ്ഥാപനത്തിൽ നിന്നോ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.<br><br>**കുറിപ്പ്** 2 - പുരുഷന്മാർ മാത്രം അപേക്ഷ സമർപ്പിച്ചാൽ മതിയാകും<br><br>**കുറിപ്പ്** 3 - ഉദ്യോഗാർത്ഥിയുടെ സംസ്കൃത പരിജ്ഞാനം അഭിമുഖ സമയത്ത് നിർണ്ണയിക്കപ്പെടുന്നതായിരിക്കും |

| | | |
|---|---|---|
| 5 | ഒഴിവുകളുടെ എണ്ണം | 62 (അറുപത്തിരണ്ട്) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് എഴുതിയറിയിക്കുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 6 | പ്രായപരിധി | 18 - 36 - ഉദ്യോഗാർത്ഥികൾ 02.01.1980-നും 01.01.1998-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) |
| 7 | നിയമനരീതി | നേരിട്ടുള്ള നിയമനം |
| 8 | അപേക്ഷ ഫീസ് (തുകയും തുക അടയ്ക്കേണ്ട രീതിയും) | അപേക്ഷാ ഫീസ് രൂപ 100/- www.kdrb.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന ബാങ്ക് ചെല്ലാൻ വഴി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഏതെങ്കിലും ശാഖയിൽ ഒടുക്കു വരുത്തി അസ്സൽ ചെല്ലാൻ സഹിതമോ, നേരിട്ട് ഇൻറർനെറ്റ് ബാങ്കിംഗ് സംവിധാനം മുഖേന തുക അടച്ച് ലഭിക്കുന്ന രസീത് സഹിതമോ അപേക്ഷ സമർപ്പിക്കുക. |
| 9 | മറ്റു വിവരങ്ങൾ | ദൈവത്തിലും, ക്ഷേത്രാചാരങ്ങളിലും വിശ്വാസമുള്ള ഹിന്ദു ഉദ്യോഗാർത്ഥികൾ മാത്രം അപേക്ഷിച്ചാൽ മതിയാകും. അഭിമുഖത്തിനു പുറമേ ആവശ്യമെങ്കിൽ എഴുത്തു പരീക്ഷ / പ്രായോഗിക പരീക്ഷ നടത്തി യോഗ്യത നിർണ്ണയിച്ച് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതാണ്. |
| 10 | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | 2016 ഏപ്രിൽ 21-ന് അഞ്ചു മണി വരെ. |
| 11 | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്, ക്ലിഫ് ഹൗസ് റോഡ്, ദേവസ്വം |

| | | |
|---|---|---|
| | | ബോർഡ് ജംഗ്ഷൻ, കവടിയാൽ പി.ഒ., തിരുവനന്തപുരം - 695 003 |
| **1** | **കാറ്റഗറി നമ്പറും / വർഷവും** | **02/2016** |
| 2 | തസ്തികയുടെ / ദേവസ്വം ബോർഡിന്റെ പേര് | രണ്ടാം ആനശേവുകം<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് |
| 3 | ശമ്പള സ്കെയിൽ | രൂപ 7000 - 8500 |
| 4 | യോഗ്യതകൾ / പരിചയം | (എ) അഞ്ചാം ക്ളാസ്സു വരെ പഠിച്ചിരിക്കണം.<br>(ബി) കായിക ക്ഷമത ഉണ്ടായിരിക്കണം.<br>(സി) ഒരു വർഷത്തെ തൊഴിൽ പരിചയം ഉണ്ടായിരിക്കണം. |
| 5 | ഒഴിവുകളുടെ എണ്ണം | 14 (പതിനാല്)<br>മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് എഴുതിയറിയിക്കുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 6 | പ്രായപരിധി | 18 - 36 - ഉദ്യോഗാർത്ഥികൾ 02.01.1980-നും 01.01.1998-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) |
| 7 | നിയമനരീതി | നേരിട്ടുള്ളത് |
| 8 | അപേക്ഷ ഫീസ് (തുകയും തുക അടയ്ക്കേണ്ട രീതിയും) | അപേക്ഷാ ഫീസ് രൂപ 100/- www.kdrb.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന ബാങ്ക് ചെല്ലാൻ വഴി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഏതെങ്കിലും ശാഖയിൽ ഒടുക്കു വരുത്തി അസ്സൽ ചെല്ലാൻ സഹിതമോ, നേരിട്ട് ഇൻറർനെറ്റ് ബാങ്കിംഗ് സംവിധാനം മുഖേന തുക അടച്ച് ലഭിക്കുന്ന രസീത് സഹിതമോ അപേക്ഷ സമർപ്പിക്കുക. |
| 9 | മറ്റു വിവരങ്ങൾ | ദൈവത്തിലും, ക്ഷേത്രാചാരങ്ങളിലും വിശ്വാസമുള്ള ഹിന്ദു ഉദ്യോഗാർത്ഥികൾ മാത്രം അപേക്ഷിച്ചാൽ മതിയാകും. |

| | | |
|---|---|---|
| | | പ്രായോഗിക പരീക്ഷ, അഭിമുഖം എന്നിവ നടത്തി മാത്രമേ യോഗ്യത നിർണ്ണയിച്ച് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുകയുള്ളൂ. |
| 10 | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | 2016 ഏപ്രിൽ 21-ന് വൈകിട്ട് അഞ്ചു മണി വരെ. |
| 11 | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്, ക്ളിഫ് ഹൗസ് റോഡ്, ദേവസ്വം ബോർഡ് ജംഗ്ഷൻ, കവടിയാൽ പി.ഒ., തിരുവനന്തപുരം - 695 003 |

ഈ വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിലായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷഫോറത്തിന്റെ മാതൃക www.kdrb.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. എ4 സൈസിലുള്ള വെള്ള ഫോട്ടോകോപ്പി പേപ്പറിലായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. നിശ്ചിത വലിപ്പത്തിൽ കൂടുതലുള്ളതോ, കുറവുള്ളതോ മാതൃകയില്ലാത്തതോ ആയ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പത്രങ്ങളിലോ മറ്റു പ്രസിദ്ധീകരണങ്ങളിലോ വരുന്ന മാതൃകകൾ വെട്ടിയെടുത്ത് ഉപയോഗിക്കുന്നതും സ്വീകരിക്കുന്നതല്ല.

അപേക്ഷയുടെ നിശ്ചിതസ്ഥാനത്ത് ഉദ്യോഗാർത്ഥി തന്റെ പാസ്സ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിച്ചിരിക്കണം. ഫോട്ടോയിൽ പേരും, ഫോട്ടോ എടുത്ത തീയതിയും രേഖപ്പെടുത്തിയിരിക്കണം.

നിശ്ചിത അപേക്ഷയോടൊപ്പം പേര്, ജനനതീയതി, വിദ്യാഭ്യാസയോഗ്യത, മതം, ജാതി, പ്രായോഗിക പരിചയം മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയംസാക്ഷിയപ്പെടുത്തിയ ശരിപ്പകർപ്പ്, അപേക്ഷ ഫീസ് ഒടുക്കിയ അസ്സൽ ചെല്ലാൻ/ ഇൻറർനെറ്റ് ബാങ്കിംഗ് മുഖേന ഫീസ് അടച്ച രസീത് സഹിതം സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്, ദേവസ്വം ബോർഡ് ജംഗ്ഷൻ, ക്ളിഫ് ഹൗസ് റോഡ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003 എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കാവുന്നതാണ്. മുകളിൽ പറഞ്ഞ രേഖകൾ / ശരിപ്പകർപ്പുകൾ അടക്കം ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്. അവസാന തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

ഓരോ തസ്തികയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷ അയയ്ക്കുന്ന കവറിന്റെ മുകൾഭാഗത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേരും, കാറ്റഗറി നമ്പരും, ബന്ധപ്പെട്ട ദേവസ്വത്തിന്റെ പേരും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

വിശദവിവരങ്ങൾക്ക് കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ www.kdrb.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനത്തിന്റെ രണ്ടാംഭാഗം നോക്കുക.

സെക്രട്ടറി